"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യം - ആലപ്പുഴ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ.പി.വർഗ്ഗീസിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1866/2023/LSGD തീയതി,തിരുവനന്തപുരം, 21-09-2023

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.08.2023 തീയതിയിലെ LSGD/PD/32431/2023-DEG1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ.പി.വർഗ്ഗീസിന്റെ Bladder Calculi Prostatomegaly and Gall stones- സംബന്ധമായ രോഗത്തിന്റെ ചികിത്സയ്ക്ക് 24.02.2021 മുതൽ 03.03.2021 വരെ കൊച്ചി ലേക്ക് ഷോർ ഹോസ്പിറ്റൽ & റിസർച്ച് സെന്ററിൽ നടത്തിയ ചികിത്സയ്ക്ക് ചിലവായ തുക റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ടിയാളുടെ അപേക്ഷയിൽ അർഹമായ തുക അനുവദിച്ച് ഉത്തരവാകുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ആലപ്പുഴ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ.പി.വർഗ്ഗീസിന്റെ, കൊച്ചി ലേക്ക് ഷോർ ഹോസ്പിറ്റൽ & റിസർച്ച് സെന്ററിൽ നടത്തിയ, ചികിത്സയ്ക്ക് ചിലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ തുക(92,249/-രൂപ)യുടെ 80% തുകയായ 73,799/-രൂപ (എഴുപത്തി മൂവായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) ടിയാൾക്ക് റീ ഇമ്പേഴ്സ്മെന്റായി നഗരസഭയുടെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ആലപ്പുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ. കെ.പി.വർഗ്ഗീസ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ആലപ്പുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 21-09-2023 10:47:28
സെക്ഷൻ ഓഫീസർ